# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4039** **24.06.2019-ൽ മറുപടിയ്ക്ക്**

**ലംപ്സം ഗ്രാന്റ്,സ്റ്റൈപന്റ്, സ്കോളർഷിപ്പ് എന്നിവ ബാങ്ക് അക്കൗണ്ട് വഴി വിതരണം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ലംപ്സം ഗ്രാന്റ്,സ്റ്റൈപന്റ്, സ്കോളർഷിപ്പ് എന്നിവ നൽകിവരുന്ന രീതിയിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ സംസ്ഥാന സർക്കാർ നൽകിവരുന്ന പ്രീ-മെട്രിക് ,പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണം നടപ്പ് വർഷം മുതൽ ഇ-ഗ്രാന്റ്സ് 3.0 സോഫ്റ്റ്‌വെയർ മുഖേന ഡി.ബി.ടി. (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) ആയാണ് നൽകിവരുന്നത്. |
| (ബി) | ഇവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി നേരിട്ട് നൽകുന്നതിന് പകരം കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നത് കുട്ടികൾക്ക് പ്രയാസം സൃഷ്ടിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ ബാങ്ക് അക്കൗണ്ട് വഴി ഇവ നൽകാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ; | (ബി) & (സി) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യ വിതരണത്തിൽ എന്തെങ്കിലും പ്രയാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>വ്യക്തിഗത ആനുകൂല്യങ്ങൾ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ആയി നൽകണമെന്നുള്ളതാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയം.അത്തരത്തിൽ ഓൺലൈൻ ആയി ആനുകൂല്യം വിതരണം ചെയ്യുമ്പോൾ 100% സുതാര്യത ഉറപ്പുവരുത്തുന്നു എന്നത് കൂടാതെ കൂടുതൽ വേഗത്തിലും കാര്യക്ഷമവുമായി നേരിട്ട് വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കുന്നു.<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നൽകുന്ന ഓൺലൈൻ സംവിധാനം ആയ ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയറിൽ ഉണ്ടായ ചില സാങ്കേതിക പ്രശ്നങ്ങൾ മൂലം ചില വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് യഥാസമയം തുക ക്രഡിറ്റ് ചെയ്യപ്പെടാത്ത സ്ഥിതി ആദ്യഘട്ടത്തിലുണ്ടായിരുന്നു. നിലവിൽ ഇത്തരം പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്. |
| (സി). | ഇക്കാര്യങ്ങളിൽ സർക്കാർ വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**